വികസനത്തിന് 'ഇസാഫ്'



ഇസാഫ് കരകൗശല നിർമ്മാണ യൂണിറ്റിൽ നിന്ന്

നിർധനർക്ക് തൊഴിലും വരുമാനവും നൽകുന്ന 'ഇസാഫ്' നാടിന് അത്താണിയാവുകയാണ്. കരകൗശല ഉൽപന്നങ്ങളുടെ യൂണിറ്റായ പ്രേരണ പ്രകൃതിക്ക് കോട്ടം തട്ടാത്ത ഉൽപന്നം നിർമിച്ചു മാതൃകയാവുന്നു...

സ്വന്തം ലേഖകൻ

തൃശൂർ: നിർധനർക്ക് അത്താണിയായി ഇസാഫ്. വ്യാപാര, ആരോഗ്യ, പ്രകൃതി വിഭവ, സാങ്കേതിക മേഖലയിൽ പുത്തൻ വാതിൽ തുറന്നാണ് ഇസാഫ് നാടിനാകെ കൈത്താങ്ങാകുന്നത്.

കരകൗശല വസ്തുക്കൾ, പാലും പാലുൽപന്നങ്ങളുടെ നിർമാണം, ഔഷധച്ചെടികൾ ശേഖരിക്കൽ എന്നിവ സ്വാശ്രയ സംഘങ്ങൾക്ക് തൊഴിൽ നൽകുന്നു. 1992ൽ മണ്ണുത്തിയിൽ കെ. പോൾ തോമസ്, സുഹൃത്ത് ജേക്കബ് സാമുവൽ എന്നിവർ ചേർന്നു തുടക്കമിട്ട ഇവാൻജലിക്കൽ സോഷ്യൽ ആക്ഷൻ ഫോറം (ഇസാഫ്) വികസനത്തിന്റെ പുതിയ വഴികളാണ് വെട്ടിത്തെളിക്കുന്നത്.

ജനകീയ സംരംഭങ്ങളിലൂടെ വരുമാനം, അതിലൂടെ പാവപ്പെട്ടവന്റെ ഉന്നമനം എന്നതാണ് ഇസാഫിന്റെ ലക്ഷ്യം. ചെറുകിട വികസന സംരംഭങ്ങൾ, ദുരിതാശ്വാസ പ്രവർത്തനം, ആരോഗ്യ സംരക്ഷണം, ഉത്പാദന വിപണന മേഖല, മാനവ വിഭവ ശേഷി വികസനം, ഇൻഷുറൻസ് എന്നിവയാണ് ഇസാഫിന്റെ പ്രവർത്തന മേഖലകൾ.

ഇസാഫ് പുതുതായി ആരംഭിച്ച പരിസ്ഥിതിക്കിണങ്ങുന്ന കരകൗശല ഉൽപന്നങ്ങളുടെ നിർമാണ യൂണിറ്റായ പ്രേരണ ഇസാഫിന്റെ കീഴിലുള്ള സംഘങ്ങളിൽ അംഗങ്ങളായ സ്ത്രീകൾക്ക് അനുഗ്രഹമാകുന്നു. 14,736 സംഘങ്ങളിലായി 2,28,301 അംഗങ്ങളുണ്ട്. ദുരിതാശ്വാസ പ്രവർത്തക സംഘം, പാവപ്പെട്ടവർക്ക് വൈദ്യ സഹായം, പഠന സഹായം, ചാരിറ്റി ഫണ്ട് എന്നിവയും ഇസാഫിനുണ്ട്.

ജലനിധി, ജീവധാരാ പുനരധിവാസം, ബയോഗ്യാസ്, പ്രകൃതി വിഭവ സംരക്ഷണം, ശുദ്ധജല സംഭരണം, സസ്യ സംരക്ഷണം എന്നിവയും ഇസാഫ് ഏറ്റെടുത്തു നടത്തുന്നു. ഇതിനകം 400 കോടിയാണ് പാവപ്പെട്ടവർക്കു വായ്പയായി നൽകിയിരിക്കുന്നത്. വേൾഡ് ഫെയർ ട്രേഡ് ഓർഗനൈസേഷനിൽ അംഗമാണ്. അതിനാൽ യുകെ, യുഎസ്എ എന്നിവിടങ്ങളിലേക്ക് ഇവിടെ നിർമിക്കുന്ന കരകൗശല വസ്തുക്കൾ വിൽപനയ്ക്ക് അയയ്ക്കാൻ കഴിയുന്നു. കഴിഞ്ഞ വർഷം ഈ ഇനത്തിൽ ആറുലക്ഷത്തിന്റെ വ്യാപാരമാണ് നടന്നത്.

ഇസാഫിന്റെ നേതൃത്വത്തിൽ നിർമ്മിച്ച വസ്തുക്കൾ.